**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 918 — 04.03.2020 ൽ മറുപടിയ്ക്ക്

# ഐ.ടി.ഐ.കളിൽ മികവിന്റെ കേന്ദ്രം പദ്ധതി

| *ചോദ്യം*<br>ശ്രീ.സി. കെ. ശശീന്ദ്രൻ : | *ഉത്തരം*<br>ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
|---|---|
| **(എ)** കേരളത്തിൽ ഏതെല്ലാം ഐ.ടി.ഐ.കളിലാണ് മികവിന്റെ കേന്ദ്രം പദ്ധതി അനുസരിച്ച് നിലവിൽ പരിശീലനം നൽകുന്നതെന്ന് അറിയിക്കുമോ; | **(എ)** കേരളത്തിൽ വയനാട് ജില്ലയിലെ കല്പറ്റ ഐ.ടി.ഐ.യിലും കൊല്ലം ജില്ലയിലെ ചന്ദനത്തോപ്പ് ഐ.ടി.ഐ. യിലും ആണ് മികവിന്റെ കേന്ദ്രം പദ്ധതിയനുസരിച്ച് നിലവിൽ പരിശീലനം നൽകുന്നത്. |
| **(ബി)** ഈ പദ്ധതി അവസാനിപ്പിക്കാൻ കേന്ദ്രസർക്കാർ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സംസ്ഥാനത്ത് പ്രസ്തുത പദ്ധതി തുടരാൻ തീരുമാനിച്ച സാഹചര്യം വിശദമാക്കുമോ; | **(ബി)** മികവിന്റെ കേന്ദ്രം പദ്ധതി ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ് (ഡി.ജി.റ്റി) തലത്തിൽ നിർത്തലാക്കിക്കൊണ്ടും ആവശ്യമുള്ളവർക്ക് സംസ്ഥാന തലത്തിൽ തുടരാൻ അനുമതി നൽകിക്കൊണ്ടും കേന്ദ്ര സർക്കാർ ഉത്തരവായിട്ടുണ്ട്. ടി പദ്ധതി പ്രകാരമുള്ള കോഴ്സുകൾക്ക് ധാരാളം അപേക്ഷകരുള്ളതു പരിഗണിച്ചും പരിശീലനം കഴിഞ്ഞവർക്കെല്ലാം ബന്ധപ്പെട്ട മേഖലയിൽ സ്വയം തൊഴിലടക്കമുള്ള തൊഴിൽ സാധ്യതകൾ നിലനിൽക്കുന്നതുകൊണ്ടുമാണ് രണ്ട് ഐ.ടി.ഐ.കളിൽ ആയത് തുടർന്ന് പോരുന്നത്. |
| **(സി)** പ്രസ്തുത പദ്ധതി പ്രകാരമുള്ള പരിശീലനം, ദേശീയ നൈപുണ്യ യോഗ്യതാ ചട്ടക്കൂടിന്റെ (എൻ.എസ്.ക്യൂ.എഫ്.) പരിധിയിൽ വരുന്നുണ്ടോ; | **(സി)** പ്രസ്തുത പദ്ധതി പ്രകാരമുള്ള പരിശീലനം, ദേശീയ നൈപുണ്യ യോഗ്യത ചട്ടക്കൂടിന്റെ (എൻ.എസ്.ക്യൂ.എഫ്) പരിധിയിൽ വരുന്നില്ല. |

| | |
|---|---|
| **(ഡി)** എൻ.എസ്.ക്യു.എഫ്. പ്രകാരമല്ലാതെ നടത്തുന്ന പരിശീലന പരിപാടികൾക്ക് ശേഷം ലഭിക്കുന്ന സർട്ടിഫിക്കറ്റുകൾക്ക് അംഗീകാരം ഇല്ലാതായേക്കാവുന്ന സാഹചര്യം നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം പദ്ധതി അനുസരിച്ച് പരിശീലനം നേടുന്ന വിദ്യാർത്ഥികളുടെ ആശങ്ക പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ? | **(ഡി)** എൻ.എസ്.ക്യു.എഫ് പ്രകാരമല്ലാതെ നടത്തുന്ന പരിശീലന പരിപാടികൾക്ക് ശേഷം ലഭിക്കുന്ന സർട്ടിഫിക്കറ്റുകൾക്ക് അംഗീകാരം ഇല്ലാതായേക്കാവുന്ന സാഹചര്യം നിലവിലില്ല. |

സെക്ഷൻ ഓഫീസർ